# നീര- ടോഡി ബോർഡ് രൂപവത്കരിക്കും

തിരുവനന്തപുരം: നീര ഉല്പാദനത്തിന് സംസ്ഥാന സർക്കാർ പച്ചക്കൊടി കാട്ടിയതോടെ, ഇതു നടപ്പിലാക്കാനായി കേരള ബിവറേജസ് കോർപ്പറേഷൻ മാതൃകയിൽ നീര-ടോഡി ബോർഡ് രൂപവത്കരിക്കാൻ സർക്കാർ തീരുമാനിച്ചു. ബോർഡിന്റെ സാധ്യത, ഘടന എന്നിവയെക്കുറിച്ച് പഠിക്കാൻ നികുതി വകുപ്പ് സെക്രട്ടറി എ. അജിത്കുമാറിനെ മന്ത്രിസഭ ചുമതലപ്പെടുത്തി.

നൂറ് കേര കർഷകർ വരുന്ന സൊസൈറ്റികൾ, അങ്ങനെയുള്ള 15 സൊസൈറ്റിയുടെ ഫെഡറേഷൻ എന്നിവയിലൂടെ നീര ഉല്പാദനം നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നീരയുടെ സംഭരണം ഈ സൊസൈറ്റികൾ വഴിയാക്കും. ഇതിന്റെ കോൺഫെഡറേഷനായിരിക്കും നീരയുടെ വിതരണം, വ്യവസായികാടിസ്ഥാനത്തിലുള്ള മൂല്യവർധിത വസ്തുക്കളുടെ നിർമാണം എന്നിവയ്ക്ക് ചുമതല വഹിക്കുക.

നീര ഉല്പാദനം തുടങ്ങുന്നതിനുമുൻപ് കൃഷിവകുപ്പ് ഇക്കാര്യത്തിൽ കേര കർഷകരെ സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികളും തുടങ്ങിക്കഴിഞ്ഞു.

കള്ളുഷാപ്പുകൾ വ്യാപകമായി ഇല്ലാത്ത ജില്ലകൾ ആയതിനാലാണ് തിരുവനന്തപുരം, കൊല്ലം ജില്ലകൾനീര കൃഷിക്കായി തിരഞ്ഞെടുത്തത്.

വ്യാവസായികമായി സംസ്കരിക്കാനുള്ള സാങ്കേതിക വിദ്യ നാളികേരവികസനബോർഡ്, കാർഷിക യൂണിവേഴ്സിറ്റി എന്നിവയുടെ പക്കലുണ്ട്. എന്നാൽ അതിന്റെ വിപണന ശൃംഖല, തൊഴിൽ പരിശീലനം, വ്യവസായികമായിട്ടുള്ള സംസ്കരണം എന്നിവ സംഘടിപ്പിക്കേണ്ടതുണ്ട്.